പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4098 12.11.2019-ലെ മറുപടിക്ക്

## പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ചവർ

**ചോദ്യം** | **ഉത്തരം**

ശ്രീ.സി. മമ്മൂട്ടി

ഡോ. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച സർക്കാർ ജീവനക്കാർക്ക് എത്ര രൂപ വെച്ച് പെൻഷൻ ലഭിക്കുന്നുണ്ടെന്ന കണക്ക് സർക്കാരിന്റെ കൈവശം ഉണ്ടോ; ഇല്ലെങ്കിൽ ഇത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച സർക്കാർ ജീവനക്കാർക്ക്, സർക്കാർ പെൻഷൻ നൽകുന്നില്ല. പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം + ക്ഷാമബത്ത) 10% വും തതുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടയ്ക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെട്ടിരിക്കുന്ന തുകയുടെ 60% വരെ ഒറ്റ തവണയായി പിൻവലിക്കാവുന്നതും 40% തുക ആന്വിറ്റിയ്ക്കായി നിക്ഷേപിക്കേണ്ടതുമാണ്. ഇത്തരത്തിൽ നിക്ഷേപിച്ചിരിക്കുന്ന 40% തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാകുക. |
| (ബി) | സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ജോലി ചെയ്യവേ മരണമടഞ്ഞ ഹിതയുടെ കുടുംബത്തിന് മരണാനന്തര ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ? | ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിച്ചു കൊണ്ട് സർക്കാർ 31/08/2016 തിയതിയിൽ സ.ഉ(പി) നം.126/2016/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മരണമടഞ്ഞ ഹിതയുടെ ആശ്രിതർ ആശ്വാസ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ